DESPATCHED
On...15/06/2020

18/05/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.867(2)/2018**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.3402/എസ്.ഐ.സി-ജി 6/18

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. ബാബു ജോർജ്ജ്**
**മാന്നുള്ളിൽ വീട്**
**ഇരുമ്പനം പി.ഒ**
**കൈപ്പഞ്ചേരി**
**എറണാകുളം-682 309** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **തൃപ്പൂണിത്തുറ നഗരസഭ**
   **എറണാകുളം**
2. **അപ്പീൽ അധികാരി ആന്റ്**
   **മുനിസിപ്പൽ സെക്രട്ടറി**
   **തൃപ്പൂണിത്തറ മുൻസിപ്പാലിറ്റി**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06.06.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 14.07.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27.03.2018 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 04.04.2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01.06.2018 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 27.07.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 02.03.2020 , ബാങ്കറ്റ് ഹാൾ, ഗസ്റ്റ് ഹൗസ് എറണാകുളം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷയിൻമേലും അപ്പീലിനും മറുപടി നൽകി യിട്ടില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 05.06.2017–ാം തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ ശോഭാ സിറ്റിക്ക് നൽകിയ ബിൽഡിംഗ് പെർമിറ്റിന്റെ സർട്ടിഫൈഡ് കോപ്പി നൽകണമെന്നും ഇനം 2 ൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി.എഞ്ചിനീയർ, ഓവർസിയർ എന്നിവർ സ്ഥലപരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ടിന്റെ സർട്ടിഫൈഡ് കോപ്പി നൽകണമെന്നും തുടങ്ങി 26 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്ന് കാണിച്ച് 14.07.2017–ൽ ഹർജിക്കാരൻ അപ്പീൽ അപേക്ഷ നൽകുകയും, ആയതിന് അപ്പീലധികാരി മറുപടി നൽകിയല്ലെന്നു കാണിച്ച് 27.03.2018 ന് കമ്മീഷനിലേയ്ക്ക് രണ്ടാം അപ്പീൽ നൽകുകയും ചെയ്തു.

4. 27.07.2018 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ അപ്പീൽ അധികാരി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ നൽകുന്നതിനായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിക്കുന്നതിനായും ആവശ്യമുള്ള രേഖകളിൽ വ്യക്തത വരുത്തുന്നതിനുമായി ഹർജിക്കാരന് കത്ത് നൽകിയും നേരിലും ബന്ധപ്പെട്ടതിനെത്തുടർന്ന് ടിയാൻ ഹാജരാകുകയും ഫയലുകൾ പരിശോധിക്കാൻ അവസരം നൽകുകയും, ആവശ്യപ്പെട്ട എല്ലാ രേഖകളും അപ്പീൽവാദിക്ക് നൽകുകയും ചെയ്തുവെന്നും പകർപ്പുകൾ ഹാജരാക്കുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷികൾ സമയബന്ധിതമായി മറുപടി നൽകിയിട്ടില്ലെന്ന് കമ്മീഷൻ വീക്ഷിക്കുകയും, സമയബന്ധിതമായി മറുപടി നൽകാത്തത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം ശിക്ഷാർഹവുമായതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്.

ഇക്കാര്യത്തിൽ ടി എതിർകക്ഷി നിശ്ചിതസമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും. പ്രഥമദൃഷ്ടിയാൽ എതിർകക്ഷി കുറ്റക്കാരനാണെന്ന് കമ്മീഷൻ കാണുന്നു. ആയതിനാൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 മേയ് 18–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

**(ഒപ്പ്)**
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res